# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2023/59

തിരുവനന്തപുരം
30.09.2023

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : ഡയാലിസിസിന് വിധേയരാകുന്ന KSEB യിലെ ജീവനക്കാർക്കും പ്രത്യേക അവധി അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന : സ.ഉ.(അച്ചടി) നം.102/2023/ധന. തീയതി, തിരുവനന്തപുരം 26.9.2023

സൂചന ഉത്തരവ് പ്രകാരം വൃക്ക സംബന്ധമായ അസുഖം കാരണം ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു വർഷം 15 ദിവസം പ്രത്യേക ആകസ്മിക അവധി അനുവദിച്ച് ഗവൺമെന്റ് ഉത്തരവ് പുറത്തിറങ്ങി. മേൽ ഉത്തരവ് KSEB യിലെ ജീവനക്കാർക്കും ബാധകമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | വി.സുധീർ കുമാർ<br>ജനറൽ സെക്രട്ടറി |
|---|---|---|

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സർവ്വീസ് ചട്ടങ്ങൾ - ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.102/2023/ധന.** **തീയതി, തിരുവനന്തപുരം, 26.09.2023.**

---

പരാമർശം :- 1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 03.02.2021 ലെ കെ 3-3804/2020/മെവിവ നമ്പർ കത്ത്.

2. 09.06.2022 ലെ സ. ഉ. (പി) നം. 5/2022/ഉ.ഭ.പ.വ.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03/06/2023 ലെ ഡി.എച്ച്.എസ്/1356/2023/എം.എസ്.പി 3 നമ്പർ കത്ത്.

**ഉത്തരവ്**

വൃക്ക സംബന്ധമായ അസുഖം കാരണം ഡയാലിസിസിന് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി 15 ദിവസം പ്രത്യേക ആകസ്മിക അവധി അനുവദിച്ച് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. സമാന ആവശ്യം ഉന്നയിച്ച് റഗുലർ ജീവനക്കാരിൽ നിന്നും നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുന്നുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു അംഗീകൃത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 ലെ നിബന്ധനകൾക്ക് വിധേയമായി ഒരു കലണ്ടർ വർഷം പരമാവധി 15 (പതിനഞ്ച്) ദിവസം പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മറ്റ് തരത്തിൽ തീർപ്പാക്കിയ പഴയ കേസുകൾ പുനഃപരിശോധിക്കുന്നതല്ല.

4. കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**സഞ്ജയ് എം. കൗൾ**
**സെക്രട്ടറി (ധനകാര്യ-വ്യയം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II ), കേരള, തിരുവനന്തപുരം.